ക്രിയേറ്റീവ് ടീച്ചേഴ്സ് ഗ്രൂപ്പ്. (രാമപുരം പാലാ)

ക്ലാസ് - 3

# യൂണിറ്റ് 1

വിഷയം :-പരിസരപഠനം

യൂണിറ്റിന്റെ പേര്:- പൂത്തും തളിർത്തും

മൊഡ്യൂൾ-2

തീയതി

പ്രതീക്ഷിക്കുന്ന സമയം

**പഠനനേട്ടങ്ങൾ**

- ആകൃതിയിലും വലിപ്പത്തിലും നിറത്തിലും പൂക്കൾ വൈവിധ്യം ഉള്ളതാണെന്ന് തിരിച്ചറിയാൻ കഴിയുന്നു.
- ചുറ്റുപാടുമുള്ള സസ്യങ്ങളുടെ ഇലകളുടെ ആകൃതി മണം എന്നിവ നിരീക്ഷിച്ച് സസ്യത്തെ തിരിച്ചറിയാൻ കഴിയുന്നു.

**ആശയങ്ങൾ**

- കൗതുകം നിറഞ്ഞ അനേകം പൂക്കൾ പ്രകൃതിയിലുണ്ട്.
- നിറത്തിലും ആകൃതിയിലും പൂക്കൾ വ്യത്യസ്തമാണ്.
- മണംകൊണ്ട് പൂക്കളെ തിരിച്ചറിയാം.
- ഇലകളുടെ ആകൃതി മണം എന്നിവയിലൂടെ സസ്യങ്ങളെ തിരിച്ചറിയാം.
- വിവിധയിനം സസ്യങ്ങളുടെ ഇലകളുടെ ആകൃതി, മണം എന്നിവ വ്യത്യസ്തമാണ്.


**പ്രക്രിയാ ശേഷികൾ**

നിരീക്ഷണം, വർഗ്ഗീകരണം

**പഠനസാമഗ്രികൾ**

പല തരത്തിലുള്ള പൂക്കൾ, ഇലകൾ, അവയുടെ ചിത്രങ്ങൾ, പ്രസന്റേഷൻ, സ്ലൈഡുകൾ, ക്രയോൺസ്, വീഡിയോകൾ ചാർട്ട് മുതലായവ

<table>
<tr><th>Date</th><th>പ്രക്രിയ</th><th>വിലയിരുത്തൽ</th></tr>
<tr><td></td><td>
പുഞ്ചിരിതൂകും പൂക്കൾ<br>
സ്ലൈഡ്–7.png പ്രദർശിപ്പിക്കുന്നു. പ്രവർത്തനത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഇഷ്ടപെട്ട പൂവിന്റെചിത്രം വരച്ച് നിറം നല്കുന്നു.<br>

<br>
വീട്ടിലെയും സ്കൂളിലേയും പൂന്തോട്ടത്തെ കുറിച്ച് ചർച്ച. പൂക്കളെ ഇഷ്ടപ്പെടാനുള്ള കാരണം കുട്ടികൾ ചർച്ച ചെയ്യുന്നു.
<ul>
<li>ആരുടെയൊക്കെ വീട്ടിൽ പൂന്തോട്ടമുണ്ട് ?</li>
<li>എന്തുകൊണ്ടാണ് നിങ്ങൾ പൂന്തോട്ടങ്ങളെ കൂടുതൽ സ്നേഹിക്കുന്നത്?</li>
<li>എന്തിനാണ് നമ്മൾ ചെടികൾ വെച്ചുപിടിപ്പിക്കുന്നത്?</li>
<li>ഏതിനം ചെടികളാണ് ചെടികളെയാണ് നിങ്ങൾക്ക് കൂടുതൽ ഇഷ്ടം?</li>
</ul>
അതിനുശേഷം സ്ലൈഡ്–8.png പ്രദർശിപ്പിക്കുന്നു.<br>

<br>
സ്ലൈഡിലുള്ള കവിതാശകലം കുട്ടികൾ
</td><td></td></tr>
</table>

വായിക്കുന്നു. കവിതയ്ക്ക് കൂടുതൽ വരികൾ കുട്ടികൾ കൂട്ടിച്ചേർക്കുന്നു. അവർ ഗ്രൂപ്പിൽ കവിത വായിച്ച് അവതരിപ്പിക്കുന്നു.


തുടർന്ന് **സ്ലൈഡ്-9.png** പ്രദർശിപ്പിക്കുന്നു.



പാഠപുസ്തകം പേജ് 9 ലെ ചിത്രങ്ങൾക്ക് നിറം നൽകാമെന്ന പ്രവർത്തനം കുട്ടികൾ ചെയ്യുന്നു.

- റോസാ പൂവിന് നിങ്ങൾ ഏതു നിറമാണ് നൽകിയത്?
- എന്തുകൊണ്ടാണ് നിങ്ങൾ റോസാപ്പൂക്കൾ ക്ക് വ്യത്യസ്ത നിറങ്ങൾ നൽകിയത്?

അതിനുശേഷം odp പ്രസന്റേഷൻ - **Std-3 EVS Unit 1 പുഞ്ചിരിതൂകും പൂക്കൾ.odp** പ്രദർശിപ്പിക്കുന്നു. പ്രസന്റേഷനിലെ ചോദ്യങ്ങൾക്ക് കുട്ടികൾ ഉത്തരം പറയുന്നു. അവസാനമായി വരുന്ന പട്ടിക കുട്ടികൾ ബുക്കിൽ വരച്ച് ഉത്തരം എഴുതുന്നു. **സ്ലൈഡ്-10.png** പ്രദർശിപ്പിക്കുന്നു.




ചർച്ചയിലൂടെ പട്ടിക വിപുലീകരിക്കുന്നു.

പൂക്കളുടെ ഏറ്റവും വലിയ ആകർഷണം എന്താണെന്ന് കുട്ടികൾ ചർച്ച ചെയ്യുന്നു. (അവയുടെ നിറം/അവയുടെ മണം) എത്ര പൂക്കളെ അവയുടെ മണത്തിൽ നിന്ന് നിങ്ങൾക്ക് തിരിച്ചറിയാം?

**കണ്ണുകെട്ടി കളി**

ഏതെല്ലാം പൂക്കളെ നിങ്ങൾക്ക് മണത്തിലൂടെ തിരിച്ചറിയാൻ സാധിക്കും? **സ്ലൈഡ്-11.png.** പ്രദർശിപ്പിക്കുന്നു.




കുട്ടികൾ ബുക്കിൽ കുറിക്കുന്നു. അതിനുശേഷം ഓരോരുത്തരെയായി കണ്ണുകെട്ടി മുൻപ് കരുതിയിരുന്ന പൂക്കൾ മണപ്പിക്കുന്നു. തിരിച്ചറിയാൻ സാധിക്കുന്ന പൂക്കളുടെ എണ്ണം അനുസരിച്ച് കുട്ടികൾക്ക് മാർക്കിടുന്നു. കൂടുതൽ മാർക്ക് കിട്ടിയവരെ അഭിനന്ദിക്കുന്നു.

**ക്രോഡീകരണം**


*ചെടികളുടെ പൂക്കളുടെ സുഗന്ധം വ്യത്യസ്തമാണ്. ഓരോ ഇനത്തിൽപ്പെട്ട പൂക്കൾക്കും സുഗന്ധം വ്യത്യസ്തമായിരിക്കും. പൂക്കളെ അല്ലെങ്കിൽ ചെടികളെ അവയുടെ വാസനയിൽ നിന്നും തിരിച്ചറിയാൻ സാധിക്കും. പൂക്കളിൽനിന്നും വാസനതൈലം ഉണ്ടാകാറുണ്ട്.*

**പൂക്കളുടെ കൗതുകലോകം**

പാഠപുസ്തകത്തിൽ ഉള്ള വായന കുറിപ്പുകളുടെ സ്ലൈഡുകൾ പ്രദർശിപ്പിക്കുന്നു. **സ്ലൈഡ്-13.png,**

**14.png, 15.png.** വ്യക്തിഗതമായി കുട്ടികൾ വായിക്കുന്നു.







അതിനുശേഷം നിശാഗന്ധി, നീലക്കുറുഞ്ഞി, റഫ്ളീഷ്യ എന്നിവയുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. **(Folder-Videos – 2.mp4, 3.mp4, 4.mp4, 5.mp4, 6.mp4, 7.mp4)**

ഇത്തരത്തിലുള്ള ഏതാനും പൂക്കളുടെ വിശേഷങ്ങൾ കൂടി അവതരിപ്പിക്കുന്നു. **(Folder-Rare flowers)** (ആന്തൂറിയം, ഓർക്കിഡുകൾ, കുങ്കുമപൂവ് തുടങ്ങിയവയുടെ ചിത്രങ്ങളും കൗതുകമുണർത്തുന്ന പൂക്കളുടെ ചിത്രങ്ങളും ഉൾപ്പെടുത്താം) ഈ വിശേഷങ്ങളും ചിത്രങ്ങളും ഉപയോഗിച്ച് കുറിപ്പുകൾ തയ്യാറാക്കുന്നു.

(ഇത് ചുമർ പത്രിക യായി പ്രസിദ്ധീകരിക്കാം.)

കണ്ണുകെട്ടി കളിയിലൂടെ പൂക്കളെ തിരിച്ചറിഞ്ഞത് പോലെതന്നെ മണത്തിലൂടെ ഏതെല്ലാം ഇലകളെ തിരിച്ചറിയാം എന്ന പ്രവർത്തനവും ചെയ്യുന്നു. കൂടുതൽ ഇലകളെ തിരിച്ചറിഞ്ഞ് കുട്ടികളെ അഭിനന്ദിക്കുന്നു. ഇതിനായി തുളസി, മാവ്, കറിവേപ്പില, നാരകം, കറുവപ്പട്ട, ഇഞ്ചി പനിക്കൂർക്ക കപ്പ, റബർ, കൊങ്ങിണി, എന്നിവയുടെ ഇലകൾ കരുതണം.

| | | |
|---|---|---|
| | **ഇല പ്രിന്റുകൾ**<br>ഏതാനും ഇലകൾ ഉപയോഗിച്ച് ഇല പ്രിന്റുകൾ തയ്യാറാക്കുന്ന വിധം അദ്ധ്യാപകൻ ക്ലാസ്സിൽ കാണിക്കുന്നു. കൂടുതൽ ഇലകൾ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുവാൻ അധ്യാപകൻ കുട്ടികളോട് നിർദ്ദേശിക്കുന്നു. ചിത്രങ്ങൾ നന്നായി ചെയ്യ്ത കുട്ടികളെ അഭിനന്ദിക്കുന്നു. ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു.<br>വിവിധയിനം ഇലകൾ ഉപയോഗിച്ച് തയ്യാറാക്കാവുന്ന രൂപങ്ങളുടെ (മൃഗങ്ങൾ പക്ഷികൾ) ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. **(Folder-Leaf Images)** ഇത്തരത്തിലുള്ള രൂപങ്ങൾ തയ്യാറാക്കി കൊണ്ടുവരുവാൻ അദ്ധ്യാപകൻ നിർദ്ദേശിക്കുന്നു.<br>ഇത് ചുമർപത്രികയായി ക്ലാസ്സിൽ പ്രദർശിപ്പിക്കാവുന്നതാണ്. | |